# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6213** **07.11.2016 ൽ മറുപടിയ്ക്ക്**

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ഡോ.കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി )** | |
| എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) | പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിന് സേവനാവകാശ നിയമം നിലവിലുണ്ട്. സേവനം യഥാസമയം ലഭിക്കാത്തത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങളിൽ അതൃപ്തി ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനു വേണ്ടിയുള്ള ഒരു Online Public Grievance Redressal Module സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| സി) | ഇതിനായി സേവനങ്ങൾക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | ബി) | പൊതുജനങ്ങൾക്ക് സമ്പൂർണ്ണ ഓൺലൈൻ സേവനം നൽകുന്നതിനുവേണ്ടിയുള്ള കംപ്യൂട്ടർ സോഫ്റ്റ് വെയറും മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ച് ഉപയോഗിച്ചുവരുന്നുണ്ട്. ജനന-മരണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ 1970-ന് ശേഷമുള്ളവ ഓൺലൈനായി ലഭിക്കുന്നുണ്ട്. 1970 ന് മുമ്പുള്ളവയുടെ ഡാറ്റാ എൻട്രി പൂർത്തിയാകുന്ന മുറയ്ക്ക് ലഭിക്കുന്നതാണ്. വിവാഹം ഓൺലൈനായി രജിസ്റ്റർ ചെയ്യുതിനു ശേഷം ഗ്രാമപഞ്ചായത്തുകളിൽ നിന്നും സർട്ടിഫിക്കറ്റ് ലഭിക്കുന്നുണ്ട്. രജിസ്റ്റർ ചെയ്ത വിവാഹങ്ങളുടെ ഓൺലൈൻ സർട്ടിഫിക്കറ്റുകൾ ഡാറ്റാ എൻട്രി നടത്തിയ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്നു. ശേഷിക്കുന്നവയുടെ ഡാറ്റാ എൻട്രി നടന്നുവരുന്നു. വസ്തു നികുതി ഓൺലൈനായി അടയ്ക്കാനും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് പ്രിന്റു ചെയ്യാനുമുള്ള സൗകര്യം കുറേയെറെ ഗ്രാമപഞ്ചായത്തുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ ഓൺലൈനായി നൽകാനുള്ള നടപടികൾ തുടങ്ങികഴിഞ്ഞു. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഉടൻ തന്നെ ഈ സംവിധാനം നടപ്പിലാക്കുന്നതാണ്. സാമൂഹ്യക്ഷേമ പെൻഷനുകളുടെ ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ വെബ് സൈറ്റിൽ ലഭ്യമാണ്. ഗ്രാമപഞ്ചായത്തുകളിലെ |

| | | | |
|---|---|---|---|
| | | | സേവനങ്ങൾ പൂർണ്ണതോതിൽ ഓൺലൈൻ വഴി ലഭ്യമാക്കുവാൻ സമയബന്ധിതമായ നടപടികൾ സ്വീകരിച്ചുവരികയാണ്. |
| സി) | ഇതിനുവേണ്ടി സോഫ്റ്റ് വെയറുകൾ വികസിപ്പിച്ചിട്ടുണ്ടോ; വിശദാംശം എന്തെല്ലാം; | സി) യും ഡി) യും | കേരള മുനിസിപ്പൽ ആക്ടും പഞ്ചായത്ത് രാജ് ആക്ടും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിനു വേണ്ടി 16 സോഫ്റ്റ് വെയറുകൾ ഐ.കെ.എം വികസിപ്പിക്കുകയും വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് സമ്പൂർണ്ണ ഓൺലൈൻ സേവനം നൽകുന്നതിന് വേണ്ടി സുരേഖ എന്ന വെബ് അധിഷ്ഠിത അപ്ലിക്കേഷനും സമഗ്ര എന്ന മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ച് ഉപയോഗിച്ച് വരുന്നുണ്ട്. |
| ഡി) | സോഫ്റ്റ് വെയറുകൾ സംയോജിപ്പിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ